## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3373** **20.06.2018-ൽ മറുപടിക്ക്**

### കൂടുതൽ സ്ഥിരം ആധാർ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. അബ്ദുൽ ഹമീദ് .പി.

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | നിലവിലെ ആധാർ കേന്ദ്രങ്ങളിലെ തിരക്കുമൂലം പുതുതായി ആധാർ എടുക്കേണ്ടവരും തിരുത്തലുകൾ വരുത്തേണ്ടവരും ഏറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | നഗരപ്രദേശങ്ങളിലുള്ള അപൂർവ്വം ചില അക്ഷയ കേന്ദ്രങ്ങളിൽ തിരക്ക് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുഭൂരിപക്ഷം ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങളിലും പുതിയ ആധാർ എടുക്കുന്നതിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ബി) | പ്രസ്തുത ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഐ.ടി. മിഷന്റെ നേതൃത്വത്തിൽ കൂടുതൽ സ്ഥിരം ആധാർ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ; | ബി) | സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ 872 സ്ഥിരം ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങൾ അക്ഷയയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ശരാശരി 20 മുതൽ 30 ആധാർ എൻറോൾമെന്റ് മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ. ആധാർ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമാണ് അപേക്ഷകരേറെയും. തിരുത്തലുകൾ വരുത്തുന്നതിനും അപ്ഡേഷനും പ്രത്യേക സംവിധാനമായ Update Client Lite (UCL) software-ഉം Finger Print ഉപകരണവും ആവശ്യമാണ്. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രസ്തുത സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ആയതു പ്രകാരം സംസ്ഥാനത്ത് 1384 സെന്ററുകളിൽ ഈ സംവിധാനം സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സെന്ററുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. കൂടാതെ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗകര്യപ്രദമായി ആധാർ എൻറോൾമെന്റ് നടത്തുന്നതിനായി സംസ്ഥാനത്ത് 439 എൻറോൾമെന്റ് കേന്ദ്രങ്ങളും പ്രവർത്തനസജ്ജമാണ്. |
| സി) | ആധാർ സേവനങ്ങൾ ഇല്ലാത്ത അക്ഷയ കേന്ദ്രങ്ങൾക്ക് പരിശീലനവും സൗജന്യ മായി ആധാർ ഉപകരണങ്ങളും നൽകി ഈ സേവനം കൂട്ടതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ആധാർ കാർഡിൽ തിരുത്തലുകൾ വരുത്തുന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഏർപ്പെടുത്തുന്നതിനായി ഓരോ അക്ഷയ കേന്ദ്രത്തിനും ഇതിനാവശ്യമായ Single Finger Print Scanner വാങ്ങുന്നതിനായി തുക (പരമാവധി 3000 രൂപ) അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1384 സെന്ററുകളിൽ ഈ സംവിധാനം സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സെന്ററുകളിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ആധാർ എൻറോൾമെന്റ് ഉപകരണങ്ങൾ വാങ്ങാൻ തയ്യാറുള്ള സംരംഭകർക്ക് അതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ശരാശരി എൻറോൾ മെന്റ് വളരെ കുറവായതിനാൽ ഒരു ലക്ഷം രൂപയോളം മുതൽമുടക്കുള്ള ആധാർ ഉപകരണങ്ങൾ വാങ്ങുന്നതിൽ സംരംഭകർ തൽപരരല്ല. ആധാർ സേവനങ്ങൾ ഇല്ലാത്ത അക്ഷയ കേന്ദ്രങ്ങൾക്ക് ആധാർ മെഷീൻ വാങ്ങുന്ന മുറയ്ക്ക് പരിശീലനം നൽകുന്നുണ്ട്. നിലവിലെ സംരംഭകർ ആധാർ ഉപകരണങ്ങൾ സ്വന്തമായി വാങ്ങിയാണ് ആധാർ സേവനങ്ങൾ നൽകിവരുന്നത്. 4 പട്ടികവർഗ്ഗ സംരംഭകർക്ക് സർക്കാർ സൗജന്യമായി ആധാർ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ